# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ 3064 — 13/10/2011 – ൽ മറുപടിയ്ക്ക്

## തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനുള്ള ശിക്ഷ

**ചോദ്യം** — **ഉത്തരം**

ശ്രീ.എം.എ.ബേബി
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീ.എ.കെ.ബാലൻ
ശ്രീമതി.പി.അയിഷാ പോറ്റി

ശ്രീ. ഉമ്മൻ ചാണ്ടി
( മുഖ്യമന്ത്രി)

| | |
|---|---|
| (എ) തടവുകാരുടെ കുറ്റങ്ങളും അതിനു നൽകുന്ന ശിക്ഷകളും സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ; | (എ) അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) തടവുകാരന് സ്വന്തം മൊബൈൽ ഫോൺ ഉപയോഗിക്കാൻ അർഹതയുണ്ടോ; ഇതൊരു പ്രിസൺ കുറ്റമാണോ; | (ബി) നിയമം അനുവദിക്കുന്നില്ല. അപ്രകാരം ഉപയോഗിക്കുന്നത് ജയിൽ നിയമത്തിലെ വകുപ്പ് 81 ഉപവകുപ്പ് 27 ന്റെ ലംഘനവും കൂടാതെ വകുപ്പ് 86 പ്രകാരവും കുറ്റകരമാണ്. |
| (സി) തടവിൽ കഴിയുന്നയാൾ സ്വന്തം മൊബൈൽ ഫോൺ വഴി തുടർച്ചയായി സന്ദേശങ്ങൾ കൈമാറിയാൽ നൽകാവുന്ന പരമാവധി ശിക്ഷ എന്താണ്; | (സി) തടവിൽ കഴിയുന്നയാൾ സ്വന്തം മൊബൈൽ ഫോൺ തുടർച്ചയായി ഉപയോഗിച്ചാൽ ജയിൽ നിയമത്തിലെ വകുപ്പ് 86 ഉപവകുപ്പ് 1 പ്രകാരം ഒരു മജിസ്ട്രേറ്റിന് മുമ്പാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ 12 മാസത്തിൽ കവിയാത്ത ഒരു കാലത്തേയ്ക്കുള്ള തടവോ 10,000/രൂപയിൽ കവിയാത്ത പിഴയോ അല്ലെങ്കിൽ രണ്ടും കൂടെയോ ശിക്ഷിക്കപ്പെടാൻ അർഹതയുണ്ടായിരിക്കുന്നത്. വകുപ്പ് 86 ഉപ (2) പ്രകാരം ടി നിയമത്തിലെ വ്യവസ്ഥകൾക്കെതിരായി ഒരു |

| | |
|---|---|
| | ഇലക്ട്രോണിക് ആശയ വിനിമയ ഉപകരണം കൈവശം വച്ചാൽ ഒരു മജിസ് ട്രേറ്റിനു മുമ്പാകെയുള്ള കുറ്റസ്ഥാപനത്തിനുമേൽ രണ്ടു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ള തടവോ 10,000/-രൂപയിൽ കവിയാത്ത തടവോ അല്ലെങ്കിൽ ഇവ രണ്ടും കൂടെയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. |
| (ഡി) തടവിൽ കഴിയുന്ന ശ്രീ. ആർ.ബാലകൃഷ്ണപിള്ള, അദ്ദേഹം മാനേജരായിട്ടുള്ള സ്കൂളിലെ അധ്യാപകൻ ആക്രമണത്തിന് വിധേയനായ ദിവസവും അതിനുശേഷവും അതിനുമുമ്പുമുള്ള ദിവസങ്ങളിലും അദ്ദേഹത്തിന്റെ മൊബൈൽ ഫോണിൽ നിന്ന് ആരെയെല്ലാം വിളിച്ചിട്ടുള്ളതായി അന്വേഷണത്തിൽ മനസ്സിലായിട്ടുണ്ട്; | (ഡി) തടവിൽ കഴിയുന്ന ശ്രീ. ആർ.ബാലകൃഷ്ണപിള്ള സ്വകാര്യ ടെലിവിഷൻ ചാനലിലെ റിപ്പോർട്ടറുമായി 29/09/2011 ൽ മൊബൈൽ ഫോണിൽ സംസാരിച്ചതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മറ്റുവിവരങ്ങൾ ലഭ്യമല്ല. |
| (ഇ) ആയത് സംബന്ധമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട മാധ്യമ റിപ്പോർട്ടുകൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഇ) 'റിപ്പോർട്ടർ' ചാനലിന്റെ പ്രതിനിധിയുമായി 29/09/2011 ന് മൊബൈൽ ഫോണിൽ സംസാരിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയതിനെ തുടർന്ന് പ്രസ്തുത റിപ്പോർട്ട് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തതിനാൽ ബാലകൃഷ്ണപിള്ളയുടെ 4 ദിവസത്തെ ശിക്ഷായിളവ് റദ്ദുചെയ്യുകയും ചെയ്തു. |
| (എഫ്) ഔദ്യോഗികപദവികളിലിരിക്കുന്ന ആരെയെല്ലാമാണ് ഈ ഫോണിൽ നിന്ന് വിളിച്ചതായി വെളിവായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (എഫ്) ആർ.ബാലകൃഷ്ണപിള്ള മൊബൈൽ ഫോണിൽ ഔദ്യോഗിക പദവിയിലിരിക്കുന്ന ആരെയെങ്കിലും വിളിച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.